## 15 -ാം കേരള നിയമസഭ

## 2 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5746** **13-08-2021 - ൽ മറുപടിയ്ക്ക്**

## ടൂറിസം മേഖലയുടെ വളർച്ചയ്ക്ക് തനത് കലകളുടെ പ്രചാരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ടൂറിസം മേഖലയിൽ സംസ്ഥാനത്തിന്റെ അനന്തമായ സാധ്യതകൾ പരിഗണിച്ച് വിദേശ രാജ്യങ്ങളിൽ, കേരളത്തിന്റെ തനത് കലകളുടെ പ്രചാരണത്തിന് പ്രത്യേക പരിഗണന നൽകുമോ; എങ്കിൽ ആയതിലേയ്ക്കായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാന സർക്കാരിന്റെ സാംസ്കാരിക വിനിമയ കേന്ദ്രമായ ഭാരത് ഭവന്റെ നേതൃത്വത്തിൽ കേരളത്തിന്റെ തനത് കലകളുടെ പ്രചരണത്തിനായി വിദേശ രാജ്യങ്ങളിൽ വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. 2021 നവംബർ 14 മുതൽ 20 വരെ കേന്ദ്ര സാംസ്കാരിക വകുപ്പ്, സൗത്ത്സോൺ കൾച്ചറൽ സെന്ററിന്റെ നേതൃത്വത്തിൽ ഒരുക്കുന്ന ദുബായ്എക്സ്പോ 2021 ലേക്ക് കേരള സർക്കാരിന്റെ സാംസ്കാരിക വിനിമയകേന്ദ്രമായ ഭാരത് ഭവൻ Tolerance and Inclusivity (സഹിഷ്ണുതയും ഉൾച്ചേരലും) എന്ന വിഷയം പ്രമേയമാക്കി തയ്യാറാക്കിയ 'ബഹബക്ക് ' മൾട്ടിമീഡിയ ദൃശ്യാവിഷ്കാരത്തിന്റെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. കേരളീയകലകളുടെ തനിമ നിലനിർത്തിക്കൊണ്ടുള്ള മൾട്ടിമീഡിയ ദൃശ്യാവിഷ്കാരത്തിന്റെ രൂപകൽപ്പന ഭാരത് ഭവൻ തയ്യാറാക്കിയിട്ടുണ്ട് . വകുപ്പിന് കീഴിലുള്ള കേരള ലളിതകലാ അക്കാദമി കളമെഴുത്തിനെക്കുറിച്ച് സമഗ്രമായ ഒരു ഗ്രന്ഥം ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇപ്പോഴത്തെ കോവിഡ് പ്രതിസന്ധി ഒഴിവാകുന്ന മുറയ്ക്ക് വിദേശ രാജ്യങ്ങളുമായി ബന്ധപ്പെട്ട് അക്കാദമി കലാ ക്യാമ്പുകളും സെമിനാറുകളും എക്സിബിഷനുകളും സംഘടിപ്പിക്കുന്നതാണ്. കേരള ഫോക് ലോർ അക്കാദമി, വൈലോപ്പിള്ളി സംസ്കൃതി ഭവൻ, മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാഅക്കാദമി എന്നീ സ്ഥാപനങ്ങൾ മുഖേന വിനോദസഞ്ചാര വകുപ്പിന്റെ സഹകരണത്തോടെ മാപ്പിളപ്പാട്ട്, മാപ്പിള കലാരൂപങ്ങൾ തുടങ്ങിയ തനത് കലാരൂപങ്ങൾ വിദേശ രാജ്യങ്ങളിൽ അവതരിപ്പിക്കുന്നതിന് ആലോചിക്കുന്നതാണ്. കേരള കലാമണ്ഡലം വിദേശരാജ്യങ്ങളിലെ കലാസാംസ്കാരികോൽസവങ്ങളിൽ പരിപാടികൾ അവതരിപ്പിച്ച് വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | സംസ്ഥാനത്തെ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ സ്ഥിരമായ കലാ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കുമോ ? | (ബി) | സംസ്ഥാനത്തെ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ സ്ഥിരമായ കലാകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ വിനോദസഞ്ചാര വകുപ്പിന്റെ നേതൃത്വത്തിൽ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ വേളീ ടൂറിസ്റ്റ് വില്ലേജിൽ 9.50 കോടി രൂപ ചെലവഴിച്ച് ആർട്ട് കഫെ നിർമ്മിച്ചിട്ടുണ്ട്. വേളീ ടൂറിസ്റ്റ് വില്ലേജിൽ തന്നെ സ്ഥിരം വേദിയായി ഫ്ലോട്ടിംഗ് പ്ലാറ്റ്ഫോം നിർമ്മിച്ചിട്ടുണ്ട്. കൂടാതെ 2 കോടി രൂപയുടെ, പാലക്കാട് വെള്ളിനേഴി കലാഗ്രാമം എന്ന പദ്ധതി പൂർത്തീകരിച്ചു. മുസിരീസ് ഹെറിറ്റേജ് പ്രോജക്ടിനോടനുബന്ധിച്ച് തനത് കലകളുടെ പ്രോത്സാഹനത്തിനായി കോട്ടപ്പുറത്ത് ഒരു ആംഫി തീയേറ്ററും, ഗോതുരുത്തിൽ സെന്റ് സെബാസ്റ്റ്യൻ ചർച്ചിനോടനുബന്ധിച്ച് പെർഫോമൻസ് സെന്ററും ചേന്ദമംഗലത്ത് പാലിയം ഊട്ടുപുര പുനരുദ്ധീകരിച്ച് ഒരു കലാ പ്രദർശന ഹാളും നിർമ്മിച്ചിട്ടുണ്ട്. സാംസ്കാരിക വകുപ്പിന് കീഴിലുള്ള കേരള ലളിതകലാ അക്കാദമിയുടെ എറണാകുളം ദർബാർ ഹാൾ കലാകേന്ദ്രം കണ്ണൂർ ജില്ലയിലെ കാക്കണ്ണൻപാറയിലുള്ള കെ.ജി. സുബ്രഹ്മണ്യൻ കലാഗ്രാമം എന്നിവ സ്ഥിരം കലാ കേന്ദ്രങ്ങളാണ്. യശ: ശരീരനായ ശങ്കറിന്റെ നാമധേയത്തിൽ കായംകുളത്തെ കൃഷ്ണപുരത്തുള്ള കാർട്ടൂൺ മ്യൂസിയത്തിൽ അദ്ദേഹത്തിന്റെ സമഗ്ര കാർട്ടൂണുകൾ അടങ്ങിയ ഗ്യാലറിയടക്കം പ്രശസ്തരായ മറ്റു കാർട്ടൂണിസ്റ്റുകളുടെ കാർട്ടൂണുകളും പ്രദർശിപ്പിച്ചിട്ടുണ്ട്. രാജാ രവിവർമ്മയുടെ ജന്മദേശമായ കിളിമാനൂരിൽ ആർട്ടിസ്റ്റ്സ് സ്റ്റുഡിയോ റസിഡൻസിയുടെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. |

സെക്ഷൻ ഓഫീസർ